**2009, ഖുത്വ്ബ നമ്പര്‍- 21**

بسم الله الرحمن الرحيم

**22.05.2009**
**ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍**

# *സ്വയം പരിശുദ്ധനായി ചിത്രീകരിക്കരുത്*

اَلَّذِيْنَ يَجْتَنِبُوْنَ كَبٰٓئِرَ الْاِثْمِ وَالْفَوَاحِشَ اِلَّا اللَّمَمَ ؕ اِنَّ رَبَّكَ وَاسِعُ الْمَغْفِرَةِ ؕ هُوَ اَعْلَمُ بِكُمْ اِذْ اَنْشَاَكُمْ مِّنَ الْاَرْضِ وَاِذْ اَنْتُمْ اَجِنَّةٌ فِیْ بُطُوْنِ اُمَّهٰتِكُمْ ۚ فَلَا تُزَكُّوْٓا اَنْفُسَكُمْ ؕ هُوَ اَعْلَمُ بِمَنِ اتَّقٰى ﴿٣٣﴾ 53:33

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു ഭാഗത്ത് പറയുന്നു. ഞാന്‍ പരിശുദ്ധനാണ്, സംശുദ്ധനാണ് എന്നൊരിക്കലും വാദിക്കാതിരിക്കുക. അല്ലാഹു വിശുദ്ധഖുര്‍ആനില്‍ പറയുന്നതു പോലെ

فَلَا تُزَكُّوْٓا اَنْفُسَكُمْ ؕ

നിങ്ങള്‍ നിങ്ങളെ പരിശുദ്ധരാക്കി ചിത്രീകരിക്കേണ്ട. മുത്തഖി ആരാണെന്ന് അവന്‍ അറിയുന്നു. സംശുദ്ധനാകുക എന്നത് തഖ്‌വയുമായി ബന്ധിതമായ കാര്യമാണ്. എന്താണ് തഖ്‌വ? എല്ലാ തിന്മകളില്‍നിന്നും അല്ലാഹുവിന്റെ തൃപ്തിക്കായി രക്ഷപ്പെടുക. അവന്‍ കല്‍പിച്ചിട്ടുള്ള കാര്യങ്ങള്‍ ചെയ്യുകയും ചെയ്യരുതെന്ന് കല്‍പിച്ചവയില്‍നിന്നും അകന്നുനില്‍ക്കുകയും ചെയ്യുക. വിശുദ്ധഖുര്‍ആനില്‍ അല്ലാഹു ആവര്‍ത്തിച്ച് പറഞ്ഞിരിക്കുന്നു. ഞാനാണ് നിങ്ങളുടെ നഫ്സിനെ ശുദ്ധീകരിക്കുന്നത്. ആരുടെ ഹൃദയത്തിലാണ് യഥാര്‍ത്ഥ തഖ്‌വ കുടികൊള്ളുന്നതെന്നും അവന്‍ ഏത് വരെ പരിശുദ്ധി ആര്‍ജിച്ചിരിക്കുന്നു എന്നും ഞാനറിയുന്നു. ഹൃദയങ്ങളിലുള്ളതിനെ അറിയുന്ന അല്ലാഹു നാം പ്രകടമാക്കുന്നതും ഗോപ്യമാക്കുന്നതുമെല്ലാമറിയുന്നു. അവനെ ഒരിക്കലും ഒരു വിധത്തിലും വഞ്ചിക്കുവാന്‍ സാധ്യമല്ല. ഹദീസില്‍ വന്നിരിക്കുന്നു. കര്‍മ്മങ്ങളഖിലവും ഉദ്ദേശ്യത്തിലധിഷ്ഠിതമാണ്. ഹൃദയങ്ങളിലുള്ളതിനെ അറിയുന്ന അല്ലാഹു മനുഷ്യപ്രവര്‍ത്തനത്തിന്റെ ഉദ്ദേശ്യവും അറിയുന്നു. ബാഹ്യമായി ആരാധനാകര്‍മ്മങ്ങള്‍ അനുഷ്ഠിക്കുന്നവരും, നമസ്കരിക്കുന്നവരും, നോമ്പെടുക്കുന്നവരും, ചിലര്‍ ഹജ്ജ് ചെയ്യുന്നവരുമുണ്ട്. എന്നാല്‍ അല്ലാഹുവിന്റെ പക്കല്‍ അവരുടെ നിയ്യത്തില്‍ വക്രതയുണ്ടെങ്കില്‍ ഈ വക്രത കാരണമായി സ്വീകാര്യതയുണ്ടാവുന്നില്ല. ഈ എല്ലാ ഇബാദത്തുകളും നന്മകളും തിരസ്കരിക്കപ്പെടുന്നുവെന്ന് മാത്രമല്ല അല്ലാഹു പറയുന്നു അത് നാശത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു. എന്നാല്‍ താക്കീതുകള്‍ മുഖേന അവന്‍ നമ്മെ ജാഗരൂഗരാക്കുമ്പോള്‍ തന്നെ അവന്റെ വിശാലമായ റഹ്മത്തിനെക്കുറിച്ചുള്ള സുവാര്‍ത്ത നല്‍കി കൊണ്ട്, പൊറുക്കപ്പെടുമെന്നുള്ള പ്രതീക്ഷയും നല്‍കുന്നു എന്നത് അവന്റെ ഔദാര്യമാണ്. അവന്‍ നമ്മെ ഭയപ്പെടുത്തുന്നത് നമ്മുടെ നന്മക്കും നമ്മെ സല്‍പന്ഥാവില്‍ ചരിപ്പിക്കുന്നതിനും വേണ്ടിയാകുന്നു.

ഞാന്‍ പറഞ്ഞത് പോലെ ഹൃദയങ്ങളിലുള്ളതിനെ അല്ലാഹു അറിയുന്നു നമ്മുടെ കഴിവുകളുടേയും പ്രാപ്തിയുടേയും വിശാലതയും അവനറിയാം. അത് കൊണ്ട് നിങ്ങള്‍ തഖ്‌വയില്‍ പദമൂന്നി, നിയ്യത്ത് സംശുദ്ധമാക്കിക്കൊണ്ട് അല്ലാഹുവിന്റെ തൃപ്തി മാത്രം ലക്ഷ്യമാക്കിക്കൊണ്ട് പ്രവര്‍ത്തിക്കുകയാണെങ്കില്‍ അതില്‍ വന്ന് ചേരുന്ന തെറ്റുകളും പോരായ്മകളും അവന്റെ വിശാലമായ കാരുണ്യത്തിന്റെ ചാദറില്‍ പൊതിയുന്നതാണെന്ന സുവാര്‍ത്തയും അറിയിക്കുന്നു. ഞാന്‍ ഓതിയ ആയത്തില്‍ അല്ലാഹു പറയുന്നത് പോലെ. ഇതിന്റെ അര്‍ത്ഥം ഇപ്രകാരമാണ്."ചെറിയ തെറ്റുകളൊഴിച്ച് വലിയ പാപങ്ങളെയും നീചകൃത്യങ്ങളെയും വിട്ടകന്ന് നില്‍ക്കുന്നവരാണവര്‍. നിന്റെ നാഥന്‍ പൊറുത്തുകൊടുക്കുന്നതില്‍ തീര്‍ച്ചയായും വിശാലതയുള്ളവനാണ്. അവന്‍ നിങ്ങളെ ഭൂമിയില്‍ നിന്ന് സൃഷ്ടിച്ചപ്പോഴും നിങ്ങള്‍ നിങ്ങളുടെ മാതാക്കളുടെ ഗര്‍ഭാശയങ്ങളില്‍ ഭ്രൂണങ്ങളായിരുന്നപ്പോഴും നിങ്ങളെക്കുറിച്ച് നല്ലപോലെ അറിവുള്ളവനാണവന്‍. അതിനാല്‍ നിങ്ങള്‍ നിങ്ങളെ പരിശുദ്ധരാക്കി ചിത്രീകരിക്കേണ്ട. സൂക്ഷ്മത പാലിക്കുന്നവനെക്കുറിച്ച് അവന്‍ നന്നായി അറിയുന്നു." (53:33) ഈ ആയത്തില്‍ അല്ലാഹു വലിയ പാപങ്ങളില്‍നിന്നും നീചകൃത്യങ്ങളില്‍നിന്നും അകന്നു നില്‍ക്കുവാന്‍ നിര്‍ദ്ദേശിക്കുന്നതോടൊപ്പം ചെറിയ ചെറിയ പോരായ്മകളിലും ഇടര്‍ച്ചകളിലും കണ്ണടച്ചുകൊണ്ട് തന്റെ വിശാലമായ കാരുണ്യത്താല്‍ പൊറുത്തുതരുമെന്നുള്ള സുവാര്‍ത്തയും നല്‍കുന്നു. തുടര്‍ന്ന് ഇക്കാര്യം പറഞ്ഞു. അല്ലാഹു നിങ്ങളുടെ ഉള്ളത്തെയും അറിയുന്നു. ഏത് വരെയെന്നാല്‍, നമുക്ക് മനസ്സിലാക്കിത്തരുവാനായി അതിന്റെ പാരമ്യതയെക്കുറിച്ചും പരാമര്‍ശിക്കുന്നു. മനുഷ്യസൃഷ്ടിപ്പിന് കോടിക്കണക്കിന് വര്‍ഷം മുമ്പേ ഭൂമിയില്‍ ജീവന്റെ ഉല്‍ഭവമുണ്ടാക്കുമ്പോള്‍തന്നെ മനുഷ്യന്റെ നിലനില്‍പ്പിന് ആവശ്യമായ ഘടകങ്ങള്‍ അവന്‍ സൃഷ്ടിച്ചു. എന്ന് മാത്രമല്ല ആ ഘട്ടം മുതല്‍ തന്നെ ഏത് പ്രകൃതിയില്‍ നിങ്ങളെ സൃഷ്ടിക്കണം ഏതേതെല്ലാം കഴിവുകളാണ് നിങ്ങളില്‍ ലീനമാക്കേണ്ടത് എന്നെല്ലാം അവനറിയാം. ഇതൊരു ഗഹനമായ വിഷയമാണ്. ഇതിലേക്ക് മറ്റ് ചില ആയത്തുകളും സൂചന നല്‍കുന്നു. ചുരുക്കത്തില്‍ അല്ലാഹു പറയുന്നത് നിങ്ങളെക്കുറിച്ച് നിങ്ങള്‍ പോലും ഗ്രഹിക്കാത്ത കാര്യങ്ങള്‍ ഞാന്‍ അറിയുന്നു.

സൃഷ്ടിപ്പിന്റേയും വളര്‍ച്ചയുടേതുമായ ഈ പ്രക്രിയയെ സംബന്ധിച്ചുള്ള സംഗതികളെ മുഴുവന്‍ വലയം ചെയ്യുന്നത് പോയിട്ട് അതിന്റെ ഗ്രാഹ്യം പോലും നിങ്ങളില്‍ അധികം ആളുകള്‍ക്കും ഇല്ല. ഇക്കാലഘട്ടത്തില്‍ ശാസ്ത്രീയ കണ്ടുപിടിത്തങ്ങള്‍ കാരണമായി ഈ വ്യവസ്ഥിതിയെ സംബന്ധിച്ച് അല്‍പം ചിലകാര്യങ്ങള്‍ പരിമിതമായ രീതിയില്‍ ഈ മേഖലകളില്‍ ഗവേഷണം നടത്തുന്ന ആളുകള്‍ക്ക് അറിയാന്‍ കഴിയുന്നു. എന്നാല്‍ അല്ലാഹു പറയുന്നു. നിങ്ങളുടെ കഴിവുകള്‍ എന്തൊക്കെയാണെന്നും നിങ്ങള്‍ എങ്ങിനെ പ്രവര്‍ത്തിക്കുമെന്നും നിങ്ങളുടെ നിയ്യത്തുകളെന്തൊക്കെയാണെന്നും ആരംഭത്തില്‍ തന്നെ നാം അറിയുന്നു. ഉദാഹരണം നല്‍കുന്നു. മാതാക്കളുടെ വയറ്റില്‍ നിങ്ങളുടെ വളര്‍ച്ചയുടെ ഘട്ടം. ഇതിനെ സംബന്ധിച്ച് പൊതുവെ ആളുകള്‍ക്കറിയാം. അല്ലാഹു പറയുന്നു. നിങ്ങള്‍ മാതാക്കളുടെ ഗര്‍ഭാശയങ്ങളില്‍ ഭ്രൂണാവസ്ഥയിലായിരുന്നു. നിങ്ങളുടെ അവയവങ്ങള്‍ രൂപപ്പെടുകയായിരുന്ന ആ ഘട്ടത്തെക്കുറിച്ചും എനിക്കറിയാം. ഇന്ന് വികസിതരാജ്യങ്ങളിലെന്നല്ല

വികസ്വര രാജ്യങ്ങളിലും വൈദ്യശാസ്ത്രരംഗത്തുണ്ടായ പുരോഗതി കാരണമായി അൾട്രാസൗണ്ട് മുഖേന മാതാവിന്റെ ഗർഭാശയങ്ങളിലെ വിവിധ ഘട്ടങ്ങൾ - ആൺകുട്ടിയാണോ പെൺകുട്ടിയാണോ - എന്നെല്ലാം അറിയാൻ കഴിയുന്നു. ഡോക്ടർ ചില നിഗമനങ്ങൾ പറയുന്നു. 100 ശതമാനം അവർക്കും പറയാൻ കഴിയില്ല. എന്നാൽ അല്ലാഹു ആ ഘട്ടത്തിൽ തന്നെ നിങ്ങൾ എന്ത് കഴിവോടും പ്രാപ്തിയോടും കൂടിയാണ് ജനിക്കുവാൻ പോകുന്നത്? ജനനശേഷം ഏതേതെല്ലാം ഘട്ടങ്ങൾ തരണം ചെയ്താണ് നിങ്ങൾ നിങ്ങളുടെ ലക്ഷ്യസ്ഥാനം പ്രാപിക്കുക എന്നെല്ലാം അറിയുന്നു. എന്നാൽ അദൃശ്യകാര്യങ്ങളെ അറിയുന്നവനായിട്ടും അവൻ ദാസർക്കായി നന്മതിന്മകൾക്കുള്ള അവസരം പ്രദാനം ചെയ്തു. സൽകർമ്മകാരികൾ അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹരായിത്തീരും എന്നാൽ ആരാണ് തിന്മ പ്രവർത്തിക്കുന്നത് അവർ അവന്റെ പിടിത്തത്തിൽ വരുന്നതാണ്. സൽപ്രവർത്തനങ്ങൾ എന്താണ്? അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കുന്നതിനായി മാത്രം ചെയ്യപ്പെടുന്ന പ്രവർത്തനങ്ങൾ. പറഞ്ഞു. നിങ്ങൾ സൽകർമ്മങ്ങൾ ചെയ്യുമ്പോൾ ഹൃദയത്തിൽ ചിലപ്പോൾ സ്വയം മതിപ്പ് ഉണ്ടാകാനിടയുണ്ട്. കർമ്മങ്ങൾക്ക് ശേഷം ഞങ്ങൾ സൽകർമ്മകാരികളായിരിക്കുന്നു എന്ന് തീരുമാനിക്കുന്നത് നിങ്ങളുടെ ജോലിയല്ല. അതിന്റെ പിന്നിലുള്ള ഉദ്ദേശ്യത്തെ അവൻ അറിയുന്നു സദുദ്ദേശ്യമാണെങ്കിൽ അവന്റെ സാമീപ്യം കരഗതമാകുന്നതിന് കാരണമായിത്തീരുന്നു. അതിനാൽ അവൻ പറയുന്നു. ഒരു നന്മ ചെയ്ത് അതിൽ പൊങ്ങച്ചം പ്രകടിപ്പിക്കുന്നതിന് പകരമായി കൂടുതൽ വിനയാന്വിതരായിത്തീരുക. തഖ്‌വയിൽ നിലനിൽക്കുന്നു എന്നതിന്റെ സർട്ടിഫിക്കറ്റ് തനിക്കോ മറ്റുള്ളവർക്കോ നൽകുക എന്നത് ദാസന്റെ പ്രവർത്തിയല്ല. മറിച്ച് അതല്ലാഹുവിന്റെ പണിയാണ്. മുത്തഖി ആരാണ് എന്ന് അവനാണ് നന്നായി അറിയുക. ഇവിടെ അൽപം വിശദമാക്കേണ്ടതുണ്ട്. ഈ ആയത്തിന്റെ ആരംഭത്തിൽ അല്ലാഹു പറഞ്ഞു.

ചെറിയ തെറ്റുകളൊഴിച്ച് വലിയ പാപങ്ങളെയും നീചകൃത്യങ്ങളേയും വിട്ടകന്ന് നിൽക്കുന്നവരാണവർ. ഇവിടെ لَمَمْ എന്നതിന് ചിലർ തങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി അർത്ഥം നൽകാറുണ്ട്. വലിയ തിന്മകളും നീചകൃത്യങ്ങളും അൽപം സംഭവിച്ചാലും ഒന്നുമില്ല എന്ന് ആരും ധരിച്ച് വശായിപ്പോകരുത്. മറിച്ച് ഇതിന്റെ അർത്ഥം, മനുഷ്യൻ ദുർബലനാകുന്നു. ചില അവസരങ്ങളിൽ അവനറിയാതെ തന്നെ ചില പാപങ്ങൾ സംഭവിച്ച് പോകുന്നു. ഇതിനെ തുടർന്ന് യഥാർത്ഥ കുറ്റബോധം ഉണ്ടാകേണ്ടതാണ്. ആധിക്യത്തോടെ ഇസ്തിഗ്ഫാറിന്റെ ആവശ്യകതയുണ്ട് എന്നതിനേയാണ് لَمَمْ എന്ന് പറയുന്നത്. തിന്മയിലേക്ക് കുനിയുവാനുള്ള അവസരം ഉണ്ടായി, അതല്ലെങ്കിൽ ചെറിയ അബദ്ധം ക്ഷണികമായി സംഭവിച്ചു പോകുക എന്നത് സാധാരണയാണ്. ഇവ്വിധം സാത്താനിക ചിന്ത മനസ്സിൽ അങ്കുരിക്കുമ്പോൾ തന്നെ ഈ പൈശാചിക ചിന്തയുടെ യാതൊരു ലാഞ്ചനയും അവശേഷിക്കാത്ത രീതിയിൽ അല്ലാഹുവിന്റെ ഫസ്ല് കൊണ്ടാണ് മനുഷ്യൻ അതിൽ നിന്നും രക്ഷപ്രാപിക്കുക. ഇത് മനുഷ്യപ്രകൃതിക്കനുസൃതമായ നിർദ്ദേശമാകുന്നു. നന്മ തിന്മകളെ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നൽകിയിരിക്കുന്നു. സമൂഹത്തിൽ തിന്മകൾ മനുഷ്യനെ തന്റെ ഭാഗത്തേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഭാഗത്തും സ്വാതന്ത്ര്യം പ്രകടമാണ്. ലജ്ജയില്ലായ്മയും അനാശാസ്യപ്രവണതകളും വ്യാപിച്ചിരിക്കുന്നു.

തന്മൂലം ഏതെങ്കിലും തിന്മയിലേക്ക് ശ്രദ്ധ തെറ്റുകയാണെങ്കിൽ തന്നെ ഉടനെ ഇസ്തിഗ്ഫാർ ചെയ്തു കൊണ്ട് ഇതിൽ നിന്നും രക്ഷപ്പെടുവാൻ പരിശ്രമിക്കുക. അപ്പോൾ അല്ലാഹു തന്റെ വിശാലമായ പൊറുക്കൽ കൊണ്ട് തൗബ സ്വീകരിക്കുന്നു. ചുരുക്കത്തിൽ യഥാർത്ഥ തഖ്‌വയിലേക്ക് കൊണ്ട് പോകുന്ന ഈ അവസ്ഥ പ്രാപിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് എന്നാൽ ചെറിയ ചെറിയ നന്മകൾക്ക് തൗഫീഖ് ലഭ്യമാകുമ്പോൾ തന്നെ സ്വയം പരിശുദ്ധവാനായി ചിത്രീകരിക്കുവാൻ തുടങ്ങുന്നു. അതുകൊണ്ടാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്. നിങ്ങൾ പരിശുദ്ധനാണ് എന്ന് വാദിക്കാതിരിക്കുക. നിങ്ങൾ പരിശുദ്ധി ആർജിച്ചിട്ടുണ്ടോ, തഖ്‌വയിലാണോ നിലകൊള്ളുന്നത് എന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. അവന്റെ മുമ്പിൽ കുനിയേണ്ടതുണ്ട്. ഇതിനെ കൂടുതൽ വിശദമാക്കിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരുഭാഗത്ത് പറയുന്നു.

വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ള فَلَا تُزَكُّوْٓا اَنْفُسَكُمْ എന്ന ആയത്തിന്റെ ശരിയായ ഉദ്ദേശം ഗ്രഹിക്കുന്നതിന് നഫ്സിന്റെ ശുദ്ധീകരണവും( تَزْكِيَه نَفْسْ ),അനുഗ്രഹപ്രകടനവും(اِظْهَار نِعْمَتْ) രൂപത്തിൽ സാമ്യമുള്ളവയാണെങ്കിലും ഇവ രണ്ടും തമ്മിലുള്ള വ്യക്തമായ വ്യത്യാസം മനസ്സിലാക്കണം. മനുഷ്യന് ഔദാര്യം ചെയ്ത സ്രഷ്ടാവിനെ മറന്നു കൊണ്ട് പൂർണ്ണതയെ തന്റേതാക്കിക്കൊണ്ട് താനും എന്തോ ആണെന്നു കരുതുന്നതാണ് തസ്ക്കിയാ എന്നു പറയുന്നത്.ഇത് നിഷിധമാണ്.എന്നാൽ നീ നിന്റെ പൂർണ്ണതയെ തന്റെ നാഥനുമായി ബന്ധിപ്പിച്ചുകൊണ്ട് എല്ലാ അനുഗ്രഹങ്ങളും അവനിൽ നിന്നുള്ളതാണെന്നു കരുതുകയും, പൂർണ്ണതയുടെ അവസരത്തിൽ തന്നെപ്പറ്റിയ ചിന്തവരാതിരിക്കുകയും, എല്ലായിടത്തും അല്ലാഹുവിന്റെ ശക്തിയേയും പ്രതാപത്തേയും അനുഗ്രഹങ്ങളേയും മുന്നിൽ കാണുകയും ചെയ്യലാണ് اِظْهَار نِعْمَتْ (അനുഗ്രഹപ്രകടനം).

അതിസൂക്ഷ്മമായ ഒരു വിത്യാസമാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇവിടെ നമുക്ക് മനസ്സിലാക്കിത്തരുന്നത്. മറ്റൊരു ഭാഗത്ത് അല്ലാഹു പറയുന്നു

(35.19) وَمَنْ تَزَكّٰى فَاِنَّمَا يَتَزَكّٰى لِنَفْسِهٖ

വല്ലവനും പരിശുദ്ധി ആർജിക്കുന്നെങ്കിൽ അവൻ സ്വന്തം ആത്മാവിനുവേണ്ടി മാത്രമാണ് പരിശുദ്ധിയാർജിക്കുന്നത്.

ജുമുആയിൽ നാം കേൾക്കാറുള്ള സൂറ: അഅ്‌ലായിൽ പറയുന്നു. قَدْ اَفْلَحَ مَنْ تَزَكّٰى - പരിശുദ്ധിയാർജിച്ചവൻ വിജയം പ്രാപിച്ചു. വേറൊരു ഭാഗത്ത് പറയുന്നു. قَدْ اَفْلَحَ مَنْ زَكّٰىهَا - ആരാണ് അതിനെ (നഫ്സിനെ) ശുദ്ധീകരിച്ചത് അവൻ വിജയം വരിച്ചു. ഈ ആയത്തുകളിൽ അല്ലാഹു പറയുന്നു. നിങ്ങളുടെ വിജയം എന്നത് നഫ്സിനെ ശുദ്ധീകരിക്കലുമായി ബന്ധിതമായിരിക്കുന്നു എന്ന്. ഈ ആയത്തുകളിലും ഞാനാദ്യം ഓതിയ സൂറ: നജ്മിലെ ആയത്തിലും അതിനെ വിശദീകരിച്ച ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിലും യാതൊരു വൈരുദ്ധ്യവുമില്ല. ഇത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് പോലെ സൂക്ഷ്മമായ ഒരു വ്യത്യാസമാകുന്നു. അതായത് നഫ്സിനെ ശുദ്ധീകരിക്കുവാനുള്ള നിർദ്ദേശമുണ്ട്. അതിനായി പരിശ്രമിക്കുക. എന്നാൽ ഈ പരിശ്രമഫലമായി ഞാൻ പരിശുദ്ധനായിരിക്കുന്നു എന്ന വാദം പുറപ്പെടുവിക്കാതിരിക്കുക. അതല്ലെങ്കിൽ എന്റെ പ്രയത്നഫലമായി ഇനി ഞാൻ പരിശുദ്ധവാനായി ചിത്രീകരിക്കപ്പെടേണ്ടതുണ്ട് എന്ന് മനസ്സിലാക്കാതിരിക്കുക.

സൂറ: ഫാത്തിറിലെ ആയത്ത് പൂർണ്ണമായും ഇപ്രകാരമാണ്.

وَلَا تَزِرُ وَازِرَةٌ وِّزْرَ اُخْرٰى ۚ وَ اِنْ تَدْعُ

مُثْقَلَةٌ إِلَىٰ حِمْلِهَا لَا يُحْمَلْ مِنْهُ شَيْءٌ
وَلَوْ كَانَ ذَا قُرْبَىٰ ۗ إِنَّمَا تُنذِرُ الَّذِينَ
يَخْشَوْنَ رَبَّهُم بِالْغَيْبِ وَأَقَامُوا الصَّلَاةَ ۚ
وَمَن تَزَكَّىٰ فَإِنَّمَا يَتَزَكَّىٰ لِنَفْسِهِ ۚ
وَإِلَى اللَّهِ الْمَصِيرُ ﴿١٩﴾ 35:19

ഭാരം വഹിക്കുന്ന ഒരാത്മാവും മറ്റൊന്നിന്റെ ഭാരം വഹിക്കുകയില്ല. ഭാരം നിമിത്തം ഞെരുങ്ങിയിരിക്കുന്ന ഒരാത്മാവ് അതിന്റെ ഭാരം വഹിക്കാനായി (മറ്റൊന്നിനെ) വിളിക്കുന്നതായാൽ അതിൽ നിന്ന് ഒട്ടും തന്നെ വഹിക്കപ്പെടുകയില്ല. ആ വിളിക്കപ്പെടുന്ന ആൾ അടുത്ത ബന്ധുവായാലും ശരി. സ്വകാര്യജീവിതത്തിൽ തങ്ങളുടെ നാഥനെ ഭയപ്പെടുകയും നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവർക്ക് മാത്രമേ നീ (ഫലപ്രദമായി) മുന്നറിയിപ്പ് നൽകുകയുള്ളു. വല്ലവനും പരിശുദ്ധി ആർജിക്കുന്നെങ്കിൽ അവൻ സ്വന്തം ആത്മാവിനുവേണ്ടി മാത്രമാണ് പരിശുദ്ധിയാർജിക്കുന്നത്. അല്ലാഹുവിലേക്ക് തന്നെയാണ് (സകലരുടെയും) മടക്കം. (35.19)

ഇവിടെ ഇത് വ്യക്തമായി. നഫ്സിന്റെ പരിശുദ്ധി സ്വകാര്യജീവിതത്തിൽ തങ്ങളുടെ നാഥനെ ഭയന്ന് ജീവിക്കുന്നവനാണ് കരഗതമാക്കുന്നത്. ഈ അവസ്ഥ പ്രാപ്യമാകുമ്പോൾ അവന്റെ നമസ്കാരങ്ങളും മറ്റ് ആരാധനാ കർമ്മങ്ങളുമെല്ലാം അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ടുള്ളതായിത്തീരുന്നു. അല്ലാഹുവിന്റെ ഭയം ഹൃദയത്തിലുണ്ടായിത്തീരുമ്പോൾ സ്വയം തന്നെ പരിശുദ്ധവാനായി ചിത്രീകരിക്കാതെ സൽകർമ്മങ്ങൾ ചെയ്യുവാനുള്ള എല്ലാ അവസരങ്ങളും അല്ലാഹുവിന്റെ ഫലമായിട്ടാണെന്ന് മനസ്സിലാക്കുന്നു. അങ്ങനെ ഈ രീതിയിൽ വിചിന്തനം ചെയ്ത് തന്റെ നഫ്സിനെ പരിശുദ്ധമാക്കാൻ പരിശ്രമിക്കുമ്പോൾ, തഖ്‌വയിൽ പദമൂന്നുമ്പോൾ അവനാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ പരിശുദ്ധവാനും വിജയിയും. ഏതെങ്കിലും നന്മയെ തന്റെ മഹത്ത്വമായി ഗണിക്കുന്നുവെങ്കിൽ അത് നഫ്സിന്റെ പരിശുദ്ധി അല്ല. ഒരു വിശ്വാസി അല്ലാഹുവിന്റെ ഭയം മനസ്സിൽ വെച്ച് കൊണ്ട് അവന്റെ തൃപ്തി കരഗതമാകുന്നതിനായി എപ്പോഴും നന്മകളെ തേടികൊണ്ടിരിക്കും. എന്നല്ല അല്ലാഹു പറയുന്നു, നിങ്ങൾ ഇങ്ങനെ പ്രയത്നിക്കുകയാണെങ്കിൽ അല്ലാഹു സ്വയം തന്നെ നിങ്ങളുടെ തിന്മകൾ നിങ്ങളിൽ നിന്നും ദൂരീകരിക്കുന്നതും ആദരണീയ സ്ഥാനങ്ങളിൽ നിങ്ങളെ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹു പറഞ്ഞതിൻ പ്രകാരം.

إِن تَجْتَنِبُوا كَبَائِرَ مَا تُنْهَوْنَ عَنْهُ
نُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَنُدْخِلْكُم
مُّدْخَلًا كَرِيمًا ﴿٣١﴾ 4:32

നിങ്ങളോട് വിരോധിക്കപ്പെട്ടതിൽ നിന്നുള്ള വൻദോഷങ്ങളെ നിങ്ങൾ വർജിക്കുന്നതായാൽ നിങ്ങളുടെ ചെറുതിന്മകളെ നാം അകറ്റിക്കളയുകയും ആദരണീയമായ സ്ഥാനത്ത് നാം നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. (4.32)

ഞാനിതിന് മുമ്പും പറഞ്ഞിട്ടുണ്ട്. വിശുദ്ധഖുർആനിൽ വൻദോഷങ്ങൾ എന്ന് വന്നിരിക്കുന്നു. എന്നാൽ വലുത്, ചെറുത് എന്നത് പ്രത്യേകമാക്കപ്പെടുന്നില്ല. വർജിക്കുവാൻ മനുഷ്യന് പ്രയാസകരമാകുന്നുവെങ്കിൽ അതവന് വൻദോഷം തന്നെയാകുന്നു. അതുകൊണ്ട് അല്ലാഹു വിശദമാക്കുന്നു. ചില പ്രകടമായ വൻദോഷങ്ങളുണ്ട്. എന്നാൽ അവയെ കൂടാതെ മനുഷ്യൻ ലാഘവബുദ്ധിയോടുകൂടിവീക്ഷിക്കുന്നവയുമുണ്ട് അവയെ വർജിക്കുവാൻ അവന് കഴിയുന്നില്ല. എങ്കിൽ അത് വൻപാപങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്. സ്വകാര്യതയിൽ അല്ലാഹുവിനെ ഭയന്ന് കൊണ്ട് നഫ്സിനെ സംശുദ്ധമാക്കുവാൻ പരിശ്രമിക്കുക. ഈ ഭയം ഉളവാകുമ്പോഴാണ് പാപങ്ങളോട് വെറുപ്പുണ്ടായിത്തീരുകയും മനുഷ്യൻ പരിശുദ്ധിയാർജിക്കുകയും ചെയ്യുന്നത്. ഇവ്വിധം പരിശുദ്ധിയാർജിക്കുമ്പോഴാണ് - യഥാർത്ഥ ആദരണീയ സ്ഥാനം അത് തന്നെയാകുന്നു. - അല്ലാഹു അവനെ ആ സ്ഥാനത്തേക്ക് പരിശുദ്ധവാനാക്കി പ്രവേശിപ്പിക്കുന്നു.- അതല്ലാതെ മനുഷ്യൻ ആത്മപ്രശംസ നടത്തി തന്നെ സ്വയം പരിശുദ്ധനായി ചിത്രീകരിക്കലല്ല ആദരണീയസ്ഥാനം.

ഒരു ഭാഗത്ത് അല്ലാഹു വിശ്വാസിയുടെ അടയാളമായി പറഞ്ഞു.

وَالَّذِينَ يَجْتَنِبُونَ كَبَائِرَ الْإِثْمِ
وَالْفَوَاحِشَ وَإِذَا مَا غَضِبُوا هُمْ
يَغْفِرُونَ ﴿٣٨﴾ 42:38

വലിയ പാപങ്ങളും നീചകൃത്യങ്ങളും വർജിക്കുകയും കോപം വന്നാൽ മാപ്പ് നൽകുകയും ചെയ്യുന്നവരും. (42.38)

ഇവിടെ വീണ്ടും പാപങ്ങളെയും സ്വഭാവവൈകല്യങ്ങളെയും കുറിച്ച് പരാമർശിച്ച് കൊണ്ട് അതിൽ നിന്നും രക്ഷപ്പെടുവാനായി പറയുന്നു എന്നാൽ ഈ ദോഷങ്ങളെയും, തിന്മകളെയും ലജ്ജയില്ലായ്മയെയും മറ്റും കോപവുമായി ബന്ധപ്പെടുത്തികൊണ്ടാണ് പറഞ്ഞിരിക്കുന്നത്. കോപത്തെ നിസ്സാരമായി ഗണിക്കുന്നവർക്കും ഇതിൽ ഉപദേശമുണ്ട്. കോപം നിസ്സാര സംഗതിയല്ല. ഇതിനെ നിയന്ത്രിച്ചില്ല, അനവസരങ്ങളിലായിപ്പോകുന്നുവെങ്കിൽ ഇത് വളർന്ന് വളർന്ന് വൻപാപമായിത്തീരുന്നു. കോപം ചിലപ്പോൾ വരാം എന്നാൽ അത് മറ്റുള്ളവന്റെ ഇസ്‌ലാഹിന് വേണ്ടി മാത്രമായിരിക്കണം എന്നാൽ കോപാന്ധനായിത്തീരുക എന്നത് ഭൂഷണമല്ല. മനുഷ്യൻ കോപാന്ധനായിത്തീരുകയാണെങ്കിൽ നഫ്സിന്റെ പരിശുദ്ധീകരണവും വിദൂരമായിത്തീരുന്നു. മറ്റ് നന്മകൾ ഞാൻ അനുഷ്ഠിക്കുന്നതിനാൽ കോപാവേശം സാരമുള്ളതല്ല എന്നാരും ധരിക്കരുത് അല്ലാഹു ആദ്യം തന്നെ പറഞ്ഞു ഈ ധാരണ ഹൃദയത്തിൽ നിന്നും അകറ്റികൊള്ളുക. യഥാർത്ഥപരിശുദ്ധി ആഗ്രഹിക്കുന്നെങ്കിൽ തങ്ങളുടെ സ്വഭാവത്തിൽ പ്രകടമായ മാറ്റം ഉണ്ടാക്കിത്തീർക്കുക. നിത്യേനയെന്നോണം പരാതികൾ ലഭ്യമായികൊണ്ടിരിക്കുന്നു. ഭവനങ്ങളിൽ ഭാര്യാഭർത്ത്യ വഴക്കുണ്ടായികൊണ്ടിരിക്കുന്നു. ചിലപ്പോൾ ഭർത്താവും മറ്റ് ചിലപ്പോൾ ഭാര്യയും അനിയന്ത്രിതമായി പെരുമാറുന്നു. നിസ്സാരകാര്യങ്ങളിൽ സമൂഹത്തിലും വഴക്കുണ്ടാകുന്നു. കളിമൈതാനങ്ങളിലും ശണ്ഠയുണ്ടാകുന്നു. ഇനി വഴക്കുണ്ടാകുന്നില്ലെങ്കിൽ തന്നെ ഒരാളെക്കുറിച്ച് ഹൃദയത്തിൽ കോപം ജന്മമെടുക്കുന്നു. അതിൽ നിന്നും വെറുപ്പുളവായി എതിരാളിക്ക് നഷ്ടം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു. ഇതും വലിയ പാപം തന്നെയാണ്. നിങ്ങളുടെ നഫ്സിന്റെ ശുദ്ധീകരണപ്രക്രിയക്ക് വിഘാതമാണ്. ഈ തടസ്സം ഇടയിൽ നിന്ന്

മാറ്റാതെ നിങ്ങൾക്ക് ലക്ഷ്യസ്ഥാനം കരഗതമാവുകയോ, അങ്ങനെയുള്ള വ്യക്തി അല്ലാഹുവിന്റെ അടുക്കൾ ആദരണീയ സ്ഥാനം പ്രാപിക്കുകയോ ചെയ്യുന്നില്ല എന്തെന്നാൽ അല്ലാഹു സുവ്യക്തമാക്കി തന്നിരിക്കുന്നത്. പാപങ്ങളിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും അകന്ന് നിൽക്കുന്നവർക്ക് ഞാൻ ആദരവ് നൽകുന്നു എന്നാണ്. ചുരുക്കത്തിൽ ഈ ലക്ഷ്യത്തിനായാണ് ഒരു മുഅ്മിൻ പരിശ്രമിക്കേണ്ടത്. അതുമുഖേന അല്ലാഹുവിന്റെ വിശാലമായ പൊറുക്കലിൽ ഭാഗഭാക്കായി കൊണ്ട് അവന്റെ തൃപ്തിയുടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുമാറാകുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. യഥാർത്ഥ പരിശുദ്ധി അല്ലാഹു പറഞ്ഞത് പോലെ قَدْ أَفْلَحَ مَنْ زَكّٰهَا സ്വയം തന്റെ ഉള്ളിൽ പരിശുദ്ധി ഉണ്ടാക്കേണ്ടത് തങ്ങളുടെ കർത്തവ്യമായി എല്ലാവരും മനസ്സിലാക്കുക. ഈ അവസ്ഥയിൽ ഒരു മാറ്റം ഉണ്ടാക്കിത്തീർക്കുന്നതിനും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ആവശ്യകതയുണ്ട്. അതിനായി അവന്റെ മുമ്പിൽ കുനിയേണ്ടതുണ്ട്. അവന്റെ സഹായമർത്തിക്കുകയും അവന്റെ കാരുണ്യം തേടേണ്ടതുമുണ്ട്. അവൻ സ്വയം പ്രഖ്യാപിക്കുന്നു. എന്റെ കാരുണ്യം പ്രവിശാലമാണ് അത് സർവ്വതിനേയും വലയം ചെയ്തിരിക്കുന്നു. പറഞ്ഞു. എന്റെ പൊറുക്കലും വിശാലമാണ്. അങ്ങനെ സൽകർമ്മങ്ങൾ ചെയ്യുന്നതോടൊപ്പം അവന്റെ കാരുണ്യത്തെ ആകർഷിക്കുന്നതിനായി പരിശ്രമിക്കുകയും അവന്റെ വിശാലമായ പൊറുക്കലിന്റെ തേട്ടക്കാരായി മാറുകയും ചെയ്യുകയാണെങ്കിൽ നാം വിജയശ്രീലാളിതരായിത്തീരുന്നതാണ്. യഥാർത്ഥ ആത്മശുദ്ധി ആർജിക്കുന്നതിനുള്ള മാർഗ്ഗങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. സുദീർഘമായ ഒരുദ്ധരണിയാണിത് എന്നാൽ എല്ലാവരും കേൾക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അവിടുന്ന് പറയുന്നു.

വലിയ പ്രകടമായ ദോഷങ്ങളെ മനുഷ്യൻ എളുപ്പം വിട്ടൊഴിയുന്നു. എന്നാൽ ചിലദോഷങ്ങൾ വളരെ സൂക്ഷ്മവും മറഞ്ഞിരിക്കുന്നവയുമാകുന്നു. ഇവയെ ഒന്നാമതായി മനുഷ്യന് തിരിച്ചറിയാൻ തന്നെ കഴിയുന്നില്ല. തിരിച്ചറിഞ്ഞാൽ തന്നെ വർജിക്കുക എന്നത് കഠിനതരവും. ടൈഫോയ്ഡ് വളരെ ശക്തിയായ പനിയാണ് എന്നാൽ തുറന്നനിലയിൽ അതിന്റെ ചികിത്സ സാധ്യമാണ്. അതേസമയം അകം കാർന്ന് തിന്നുകൊണ്ടിരിക്കുന്ന ക്ഷയരോഗത്തിന്റെ ചികിത്സ ശ്രമകരമാണ്.

ഇതേ പ്രകാരം മനുഷ്യന്റെ ഈ അതിസൂക്ഷ്മവും മറഞ്ഞ് നിൽക്കുന്നതുമായ തിന്മകൾ വലിയ വലിയ അനുഗ്രഹങ്ങൾ പ്രാപ്യമാകുന്ന മാർഗ്ഗത്തിൽ അവന് വിഘാതമായി നിൽക്കുന്നു. നിസ്സാരമായ അഭിപ്രായ വ്യത്യാസങ്ങളിൽ നിന്നും വെറുപ്പ്, വിദ്വേഷം, അസൂയ, അഹങ്കാരം തുടങ്ങിയ വികാരങ്ങൾ ജനിക്കുന്നു. തുടർന്ന് തന്റെ സഹോദരനെ നിന്ദ്യനായി ഗണിക്കുവാൻ തുടങ്ങുന്നു. ഇനി കുറച്ച് ദിവസം നന്നായി നമസ്ക്കരിച്ചു. ആരെങ്കിലും പ്രശംസിച്ചാൽ ഉടനെ പ്രകടനാത്മകത, സ്വയം മതിപ്പ്, ആത്മപ്രശംസ, പൊങ്ങച്ചം ഉടലെടുക്കുന്നു. തത്ഫലമായി യഥാർത്ഥ ഉദ്ദേശ്യമായ ആത്മാർത്ഥത നഷ്ട്ടപ്പെട്ട് പോകുന്നു. അല്ലാഹു അറിവ്, സമ്പത്ത്, ആഭിജാത്യം, അന്തസ്സ് മുതലായവ നൽകിയിട്ടുണ്ടെങ്കിൽ അതൊന്നും ലഭ്യമല്ലാത്ത തന്റെ സഹോദരനെ നിന്ദ്യനും നിസ്സാരനുമായി മനസ്സിലാക്കുന്നു. തന്റെ സഹോദരനോട് വാശിയോ ശത്രുതയോ ഉളവായാൽ പിന്നെ ദിനരാത്രങ്ങൾ അവന്റെ ന്യൂനത ചികഞ്ഞന്വേഷിക്കുന്നതിനും അത് പരത്തുന്നതിനായും ചിലവഴിക്കുന്നു. ആരുടെയെങ്കിലും സാമീപ്യം പ്രാപിക്കുവാനായി തന്റെ സഹോദരന്റെ കുറ്റങ്ങൾ പറഞ്ഞ് അവനെ അവിടെ നിന്നും നിഷ്ക്കാസിതനാക്കി ആസ്ഥാനത്ത് ഇരിക്കുവാൻ ശ്രമിക്കുന്നു.യഥാർത്ഥത്തിൽ ആ കുറ്റങ്ങൾ അവനിൽ തന്നെ ഉള്ളതായിരിക്കും. ഇതെല്ലാമാണ് വിട്ടൊഴിയാൻ പ്രയാസകരമായ സൂക്ഷമമായ തിന്മകൾ - അതേപോലെ അഹങ്കാരം - ഇതും വിവിധ രൂപത്തിലുണ്ട് - പണ്ഡിതന്മാർ അറിവിന്റെ കാര്യത്തിൽ അഹങ്കരിച്ചുകൊണ്ട് ഇതരപണ്ഡിതന്മാരെ ജനമദ്ധ്യത്തിൽ നിന്ദ്യരാക്കുവാനും ഇകഴ്ത്തികാണിക്കുവാനുമായി ദിനരാത്രങ്ങൾ അവരുടെ പോരായ്മകൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

ശരീഅത്ത് ഇതനുവധിക്കുന്നില്ല.ഈവിധമുള്ള ദോഷങ്ങളിൽ വെറും സാധാരണക്കാർ മാത്രമല്ല അകപ്പെട്ടിരിക്കുന്നത് മറിച്ച് പ്രകടമായ വലിയ പാപങ്ങളിൽ നിന്ന് അകന്ന് നിൽക്കുന്നവരും, പണ്ഡിതന്മാരും സവിശേഷ വ്യക്തിത്വങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നവരും മറ്റും ഇതിലുൾപ്പെട്ടിരിക്കുന്നു.ഇതിൽ നിന്നുള്ള മോചനം ഒരു മരണം തന്നെയാകുന്നു.ഏത് വരെ ഈ തിന്മകളുടെ ഇരുളിൽ നിന്നും രക്ഷപ്രാപിക്കുന്നില്ല അത് വരെ നഫ്സിന്റെ ശുദ്ധീകരണം പൂർണ്ണമാകുന്നില്ല. ശുദ്ധീകരണശേഷം ദൈവസവിധത്തിൽ ലഭ്യമാകുന്ന അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നുമില്ല. ഇതിൽ നിന്നെല്ലാം തങ്ങൾ മോചിതരാണെന്ന് ചിലർ ധരിച്ച് വശായിട്ടുണ്ട്. എന്നാൽ ഏതെങ്കിലും സന്ദർഭം വന്നു ചേരുമ്പോൾ ആവേശഭരിതനായി, അഹങ്കാരിയായി, സങ്കൽപ്പിക്കുവാൻ പോലുമാകാത്ത മാലിന്യം അയാളിൽ നിന്നും പുറപ്പെടാൻ തുടങ്ങുന്നു. അപ്പോൾ അയാൾ ഒന്നും തന്നെ പ്രാപിച്ചിട്ടില്ല, യഥാർത്ഥ മഹത്വത്തിന്റെ അടയാളമായ, സ്വാലിഹീങ്ങളുടെതായ ആ യഥാർത്ഥ പരിശുദ്ധിയെ പ്രാപിച്ചിട്ടില്ല എന്ന് മനസ്സിലാകുന്നു. ചുരുക്കത്തിൽ സ്വഭാവ പരിശുദ്ധി അർഹിക്കുക എന്നത് വളരെ കഠിനതരവും അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ പ്രാപ്യമാവുകയില്ലെന്നും ഇതിനാൽ സുവ്യക്തമാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുന്നതിന് മൂന്ന് സംഗതികളാണുള്ളത്. ഒന്ന് പരിശ്രമവും ആസൂത്രണവും, രണ്ട് ദുആ, മൂന്ന് സജ്ജനസഹവാസം.

നമ്മുടെ പരിഷ്കരണത്തിന്നായി, നമ്മെ സൽപന്ഥാവിൽ വഴി നടത്തുന്നതിനായി ഇക്കാലഘട്ടത്തിൽ അല്ലാഹു നിയോഗിച്ചയച്ച ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ, അവിടുത്തെ വിശാലമായ സാഹിത്യങ്ങൾ നമ്മുടെ പരിഷ്കരണത്തിനുള്ള വലിയ മാർഗ്ഗമാണ്. അത് വായിക്കേണ്ടതാണ്. അത് വിശുദ്ധഖുർആന്റെ തഫ്സീറാണ്. വിശദീകരണമാണ് കുറച്ച് ദിവസം മുമ്പ് ജർമനിയിൽ നിന്നും ഒരു സ്ത്രീ എഴുതുകയുണ്ടായി. അവർ വിശുദ്ധഖുർആനിലെ കൽപനകൾ പരിശോധിച്ചു വളരെ അധ്വാനിച്ച് അവ സ്വരുക്കൂട്ടി. എന്നാൽ അവരെഴുതുന്ന സംഗതി. ഈ നിർദ്ദേശങ്ങളെ സ്വരുക്കൂട്ടിയതിന് ശേഷം ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുമ്പോൾ വിശുദ്ധഖുർആന്റെ തഫ്സീർ വായിക്കുന്നതായാണെനിക്കനുഭവപ്പെടുന്നത്. ഈ ഗ്രന്ഥപാരായണത്തിന്ശേഷം വിശുദ്ധഖുർആനിലേക്ക് തിരിയുമ്പോൾ ഈ നിർദ്ദേശങ്ങളുടെ യാഥാർത്ഥ്യവും, അതിന്റെ ഗഹനതയും മനസ്സിലാകുവാൻ തുടങ്ങുന്നു. ചുരുക്കത്തിൽ ഇക്കാലഘട്ടത്തിൽ നമുക്ക് കരഗതമായ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ സജ്ജനസഹവാസമെന്ന രീതിയിൽ വളരെ വലിയ ഒരനുഗ്രഹമാണ്. ഇതും ജമാഅത്ത് ധാരാളം വായിക്കേണ്ടതാണ്.

പിന്നീട് ഹസ്റത്ത് മസീഹ് (അ) പറഞ്ഞു.

ഈ നഫ്സിന്റെ മാലിന്യങ്ങളായ ദുസ്സ്വഭാവം, അഹങ്കാരം, പ്രകടനാത്മകത തുടങ്ങിയവയിൽ ഒരു മരണം സംജാതമായി മഅ്രിഫ

ത്തിന്റെ അഗ്നി അവയെ എരിച്ചുകളയുന്നില്ല, അത് വരെ അല്ലാഹുവിന്റെ ഫള്ല് ഉണ്ടായിത്തീരുന്നില്ല. ആരിലാണ് ഈ മഅ്രിഫത്ത് ഉണ്ടായിത്തീരുന്നത് അവർ ഇവ്വിധമുള്ള സ്വഭാവവൈകൃതങ്ങളിൽ നിന്നും പരിശുദ്ധിയാർജിക്കുവാൻ തുടങ്ങുന്നു. വലുതായിട്ടും തന്നെ ചെറുതായി ഗണിക്കുന്നു. അല്ലാഹുവിൽ നിന്നും ലഭ്യമാകുന്ന പ്രകാശ കിരണങ്ങളെ തന്റെ ശ്രേഷ്ഠതയായി കരുതാതെ അതെല്ലാം അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമായി മാത്രം മനസ്സിലാക്കുന്നു. ഇതേറ്റവും കൂടുതൽ അമ്പിയാക്കൾക്കാണ് പ്രാപ്യമായിട്ടുള്ളത്. ശേഷം ഓരോരുത്തരുടെയും കഴിവിനനുസൃതമായി. പറഞ്ഞു. രണ്ട് മൂന്ന് ദിവസം നമസ്കരിച്ചുകൊണ്ട് അഹങ്കരിക്കുവാൻ തുടങ്ങുന്നവരുണ്ട്. അത്പോലെ നോമ്പും ഹജ്ജും മുഖേന പരിശുദ്ധി ആർജിക്കുന്നതിന് പകരമായി ചിലരിൽ പൊങ്ങച്ചവും പ്രകടനാത്മകതയും ഉടലെടുക്കുന്നു. പറഞ്ഞു. അഹങ്കാരം ശയ്ത്താനിൽനിന്നുളവായി ശയ്ത്താൻ ആക്കിത്തീർക്കുന്നു. ഏത് വരെ ഇതിൽ നിന്നും ദൂരപ്പെടുന്നില്ല അത് വരെ സത്യം അംഗീകരിക്കുവാനും ദൈവാനുഗ്രഹങ്ങൾ സ്വരുക്കൂട്ടുവാനും കഴിയുകയില്ല. യാതൊരു വിധത്തിലും അഹങ്കരിക്കരുത്. സമ്പത്തിലോ, അറിവിലോ, കുടുംബമഹിമയിലോ ഒന്നും തന്നെ. കൂടുതലും ഇക്കാര്യങ്ങളാലാണ് അഹങ്കാരം ഉടലെടുക്കുന്നത്. മനുഷ്യൻ ഏത് വരെ ഈ പൊങ്ങച്ചത്തിൽ നിന്നും സംശുദ്ധനാകുന്നില്ല അത് വരെ ദൈവസവിധത്തിൽ സ്വീകൃതനാവുകയോ വികാരപരമായ ഈ മാലിന്യങ്ങളെ എരിച്ചു കളയുന്ന മഅ്രിഫത്ത് അവന് പ്രാപ്യമാകുകയോ ചെയ്യുന്നില്ല. ഇത് ശയ്ത്താന്റെ ഭാഗമാകുന്നു. ഇതിനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ശയ്ത്താനും അഹംഭാവം നടിച്ചുകൊണ്ട് തന്നെ ആദമിനേക്കാൾ ശ്രേഷ്ഠനായി കരുതി പറഞ്ഞു.

قَالَ اَنَا خَيْرٌ مِّنْهُ ۚ خَلَقْتَنِيْ مِنْ نَّارٍ
وَّ خَلَقْتَهٗ مِنْ طِيْنٍ ﴿۱۳﴾ 7:13

തത്ഫലമായി ദൈവസവിധത്തിൽ നിന്നും വിദൂരമാക്കപ്പെട്ടു എന്നാൽ ആദമാകട്ടെ തനിക്ക് ലഭ്യമായ മഅ്രിഫത്തിന്റെ ഫലമായി കാലിടറിയ സന്ദർഭത്തിൽ തന്റെ ബലഹീനത ഏറ്റ് പറഞ്ഞ് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശിയായിത്തീർന്നു അവന്റെ അനുഗ്രഹമില്ലാതെ ഒന്നും തന്നെയില്ല എന്നദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ദുആ ചെയ്തു.

رَبَّنَا ظَلَمْنَآ اَنْفُسَنَا ٚ وَاِنْ لَّمْ
تَغْفِرْ لَنَا وَتَرْحَمْنَا لَنَكُوْنَنَّ مِنَ
الْخٰسِرِيْنَ ﴿۲۴﴾ 7:24

ചുരുക്കത്തിൽ ഇതാണ് ആത്മാവിന്റെ പരിശുദ്ധി ആർജിക്കുവാനുള്ള യഥാർത്ഥ മാർഗം. യഥാർത്ഥ വിശ്വാസിയും ശയ്ത്ത്വാനെ അനുധാവനം ചെയ്യുന്നവനും തമ്മിലുള്ള വ്യതിരിക്തത വ്യക്തമാക്കുന്നു. ശയ്ത്താൻ അനഖൈറുൻ (ഞാനുത്തമൻ) എന്ന മുദ്രാവാക്യം മുഴക്കി, തൻപ്രമാണിത്തം പ്രകടമാക്കി. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ ആദമാകട്ടെ തനിക്ക് ലഭ്യമായ മഅ്രിഫത്തിനാൽ വളരെ വിനയാന്വിതനായി ദുആ ചെയ്തു.

رَبَّنَا ظَلَمْنَآ اَنْفُسَنَا ٚ وَاِنْ لَّمْ
تَغْفِرْ لَنَا وَتَرْحَمْنَا لَنَكُوْنَنَّ مِنَ
الْخٰسِرِيْنَ ﴿۲۴﴾ 7:24

ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റു ചെയ്തുപോയി. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണ കാട്ടുകയും ചെയ്യാത്ത പക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകും. (7.24)

ഈ ദുആ ഇന്നും അല്ലാഹുവിന്റെ വിശാലമായ മഗ്ഫിറത്തിനെ ആകർഷിക്കുന്നതാണ്. ഇതാണ് ദോഷങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന, ന്യൂനതകളിലും ബലഹീനതകളിലും മറയിടുന്ന, അല്ലാഹുവിന്റെ തൃപ്തിയെ പ്രാപ്യമാകുന്നതിനുള്ള മാർഗം. എല്ലായ്പ്പോഴും ആത്മ പരിശോധന നടത്തുവാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ. നമ്മുടെ എല്ലാ കർമ്മങ്ങളും അല്ലാഹുവിലേക്ക് തിരിക്കുന്നവരായിത്തീരട്ടെ. എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധി ആർജിക്കുന്നവരാക്കിത്തീർക്കട്ടെ. അതിനായി നിരന്തരം പരിശ്രമിക്കുന്നവരാക്കിത്തീർക്കുമാറാകട്ടെ. എപ്പോഴും അവന്റെ പൊറുക്കലിനെ തേടുന്നവരാക്കുമാറാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

**വിവർത്തനം**
പി.കെ. മുഹമ്മദ് ഷരീഫ്
മുബല്ലിഗ് – കാക്കനാട്
**PHONE : 94477 13152**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 22 - 05 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**